# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 535 | 29.06.2015-ലെ മറുപടിയ്ക്ക്

**പെട്രോളിയം ഉല്പന്നങ്ങളുടെ നികതി നിരക്ക്.**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാനം ഇപ്പോൾ ഈടാക്കി വരുന്ന നികുതി നിരക്കുകളെത്ര ; | (എ) | പെട്രോളിന് ഇപ്പോൾ ഈടാക്കി വരുന്ന നികുതി നിരക്ക് 31.80 ശതമാനവും ഡീസലിന് 24.52 ശതമാനവുമാണ്. ഇവയ്ക്ക് ലിറ്ററിന് ഒരു രൂപ നിരക്കിൽ AST യും ചുമത്തുന്നുണ്ട്. |
| (ബി) ഇവയുടെ വില വർദ്ധിക്കുമ്പോഴുണ്ടാകുന്ന അധിക നികുതി ഈടാക്കി വരുന്നുണ്ടോ; അധിക നികുതി ഈടാക്കില്ലെന്ന നിലപാട് എന്ന് മുതലാണ് നിർത്തലാക്കിയത് ; | (ബി) | വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ റീട്ടെയിൽ വിലയിൽ അതുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് വച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്.<br>ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 22 തവണ വർദ്ധനവ് നടന്നിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 25 തവണ വർദ്ധനവ് ഉണ്ടായതിൽ 2 തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. പെട്രോളിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാന വിലയിൽ 27 തവണ കുറവ് വരുത്തിയിട്ടുണ്ട്. ഇതിൽ 13 തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് ഉയർത്തി ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 8 തവണ അടിസ്ഥാന വിലയിൽ കുറവുണ്ടായതിൽ 5 തവണ നികുതി നിരക്ക് ഉയർത്തി ക്രമീകരിച്ചിട്ടുണ്ട്. ഓരോ പ്രാവശ്യവും വില വർദ്ധനവ്/ കുറവ് വരുമ്പോൾ അതിന്റെ തോതും കൂടി പരിഗണിച്ച് അതിന് യുക്തമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | പെട്രോളിനും ഡീസലിനും പുതുതായി സെസ് ഏർപ്പെടുത്തുകയുണ്ടായോ ; ഈ ഇനത്തിൽ പ്രതിവർഷം പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര കോടി രൂപയാണ് ; | (സി) | പെട്രോളിനും ഡീസലിനും പുതുതായി സെസ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവയുടെ മേൽ അധിക വില്പന നികുതിയായി ലിറ്ററിന് 1 രൂപ കേരള ധനകാര്യ ബിൽ 2015 പ്രകാരം ചുമത്തിയിട്ടുണ്ട്. ഇതുവഴി 375 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | ക്രൂഡ് ഓയിലിന് അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുമ്പോഴും അതിന്റെ ഗുണഫലം, പെട്രോൾ ഡീസൽ ഉപഭോക്താക്കൾക്ക് ലഭിക്കാതിരിക്കുന്നത് തിരുത്താൻ തയ്യാറാകുമോ ? | (ഡി) | പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വില നിശ്ചയിക്കുന്നത് എണ്ണക്കമ്പനികളാണ്. ഈ വില നിശ്ചയിക്കുന്നത് അന്താരാഷ്ട്ര വിലയുടെ അടിസ്ഥാനത്തിലാണ്. ഇന്ധനത്തിന്റെ അടിസ്ഥാന വിലയിൽ കസ്റ്റംസ് തീരുവ, കടത്ത് കൂലി, ഇൻഷ്വറൻസ് തുടങ്ങിയ വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നു. അടിസ്ഥാന വില എക്സൈസ് തീരുവ, ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവ കണക്കിലെടുത്താണ് ടാക്സബിൾ വാല്യു നിശ്ചയിക്കുന്നത്. ഈ ടാക്സബിൾ വാല്യുവിൻ മേലാണ് സംസ്ഥാനം നിശ്ചിത നിരക്കിൽ വില്പന നികുതി ചുമത്തുന്നത്. 01.03.2015 – ലെ കണക്കനുസരിച്ച് ഒരു ലിറ്റർ പെട്രോളിന്റെ റീട്ടെയിൽ (എറണാകുളം ജില്ല) വിലയായ 66.55/- രൂപയിൽ 15.55/- രൂപയും ഒരു ലിറ്റർ ഡീസലിന്റെ റീട്ടെയിൽ (എറണാകുളം ജില്ല) വിലയായ 55.87 രൂപയിൽ 10.78/-രൂപയും ആണ് വില്പന |

രൂപയും ആണ് വില്പന നികുതിയായി ഈടാക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ് പെട്രോൾ, ഡീസൽ എന്നിവ. ഇവയുടെ നികുതി ഘടനയിൽ വൻ തോതിലുള്ള കുറവ് വരുത്തിയാൽ അത് റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. അതിനാൽ അന്താരാഷ്ട്ര വിപണിയിലുണ്ടാകുന്ന കുറവ് എണ്ണക്കമ്പനികൾ നിശ്ചയിക്കുന്ന അടിസ്ഥാന വിലയിലും, എക്സൈസ് ഡ്യൂട്ടിയിലും പ്രതിഫലിച്ചാൽ മാത്രമേ അതിനനുസൃതമായ കുറവ് ഇവയുടെ റീട്ടെയിൽ വിലയിൽ ഉണ്ടാവുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**